**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക അടിസ്ഥാന സൗകര്യ നിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കാർഷിക അടിസ്ഥാന സൗകര്യ നിധിയിൽ നിന്നും കൂടുതൽ തുക സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി പ്രകാരം നിലവിൽ കേരളത്തിന് 2520 കോടി രൂപയുടെ വായ്പയാണ് കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്നത്. കൃഷി വകുപ്പിനും, ഭക്ഷ്യ-പൊതുവിതരണ വകുപ്പിനും ആവശ്യമായ വെയർഹൗസ്/ സ്റ്റോറേജ് സംവിധാനത്തിനുള്ള പദ്ധതികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 201 അപേക്ഷകൾക്കായി 127.10 കോടി രൂപയുടെ വായ്പകൾക്ക് അനുമതി ലഭിക്കുകയും, ആയതിൽ 140 അപേക്ഷകൾക്കായി 70.57 കോടി രൂപയുടെ വായ്പ ബാങ്കുകൾ വിതരണം ചെയ്തിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്ന് രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത് കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാക്കാൻ സാധിക്കുമെന്നിരിക്കെ ഇതുവരെ നാല്പത്തേഴ് കോടിയോളം രൂപ മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി പ്രകാരം നിലവിൽ കേരളത്തിന് 2520 കോടി രൂപയുടെ വായ്പയാണ് കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്നത്. കൃഷി വകുപ്പിനും, ഭക്ഷ്യ-പൊതുവിതരണ വകുപ്പിനും ആവശ്യമായ വെയർഹൗസ്/ സ്റ്റോറേജ് സംവിധാനത്തിനുള്ള പദ്ധതികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 201 അപേക്ഷകൾക്കായി 127.10 കോടി രൂപയുടെ വായ്പകൾക്ക് അനുമതി ലഭിക്കുകയും, ആയതിൽ 140 അപേക്ഷകൾക്കായി 70.57 കോടി രൂപയുടെ വായ്പ ബാങ്കുകൾ വിതരണം ചെയ്തിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേക്ക് എത്തിക്കാൻ മുൻകൈയെടുക്കുമോയെന്ന് വിശദമാക്കാമോ? | (സി) | കാർഷിക അടിസ്ഥാന സൗകര്യ വികസന നിധിയുടെ സംസ്ഥാനത്തിലെ പ്രചരണത്തിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ ഒരു പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (PMU) |

| | | | | |
|---|---|---|---|---|
| | | | | രൂപീകരിച്ചിട്ടുണ്ട്. PMU മുഖേന സംസ്ഥാനത്ത് 200 ഓളം അവബോധ ക്ലാസ്സുകൾ നടത്തുകയും ആയതിലൂടെ 10,000 ൽ അധികം കർഷകരിലേക്കു പദ്ധതിയുടെ സവിശേഷതകൾ എത്തിക്കുവാനും സാധിച്ചിട്ടുണ്ട്. വായ്പ വിതരണത്തിന് ബാങ്കുകളിൽ നിന്ന് നേരിടുന്ന തടസ്സങ്ങൾ PMU ഇടപെട്ട് പരിഹരിക്കുന്നുണ്ട്. പദ്ധതിയെ കുറിച്ച് സംശയനിവാരണത്തിന് വേണ്ടി ഹെൽപ് ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പ്രചരണത്തിന്റെ ഭാഗമായി ഹ്രസ്വ വിഡിയോകൾ, പത്ര പ്രചരണം, നവമാധ്യമ പ്രചരണം എന്നിവ നടത്തുകയും, ബ്രോഷറുകൾ, നോട്ടീസുകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുമുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിശകലനം നടത്തുകയും പദ്ധതിയുടെ പൊതുവായ ഏകീകരണം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുന്നതിനും, ഇത് ബഹു. മുഖ്യമന്ത്രിയുടെ പ്രതിമാസ അവലോകന യോഗത്തിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിക്കുകയും, പദ്ധതി നിർവ്വഹണ വകുപ്പുകളായ കൃഷി, സഹകരണ വകുപ്പുതലത്തിലും അടിസ്ഥാന സൗകര്യ വികസന നിധിയുടെ വിശകലനം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ